വനംവകുപ്പിൽ അഴിമതിക്കേസ്.

* 867. [26] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ ധാരാളം അഴിമതികേസ് നടക്കുന്നതായി എന്തെങ്കിലും പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു എന്തു നടപടി സ്വീകരിച്ചു ;

(സി) അഴിമതിനിവാരണത്തിനായി എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെന്റലായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എക്സൈസ് ഡിപ്പാർട്ടുമെന്റിലും മറ്റും ഉള്ളതുപോലെ വനംവകുപ്പിലും ഫൈ്ളയിംഗ് സ്ക്വാഡുകൾ ഉണ്ടാക്കി അഴിമതിയെ തടയിക്കാൻ ശ്രദ്ധിക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) അച്ചടക്കനടപടികൾ വേണ്ട അന്വേഷണങ്ങൾ നടത്തി കുറെ ക്കാരെ ശിക്ഷിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ആലോചിക്കുന്നുണ്ട്.

മുനിസിപ്പാലിറ്റികൾ.

* 868. [28] ശ്രീ. കെ. ടി. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറിലുള്ള മുനിസിപ്പാലിറ്റികൾ എത്ര ;

(ബി) ഈ വർഷത്തിൽ എത്ര മുനിസിപ്പാലിറ്റികൾക്ക് ഗ്രാന്റ് നൽകിട്ടുണ്ട് ;

(സി) ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിക്ക് നൽകിയ ഗ്രാന്റ് എത്ര ;

(ഡി) ഏതെല്ലാം മുനിസിപ്പാലിറ്റികൾ ലോൺ ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഇ) ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി ലോൺ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എത്ര ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 26.

(ബി) ഈ വർഷത്തിൽ ഒരു മുനിസിപ്പാലിറ്റിക്കും ഗ്രാന്റ് നൽകീട്ടില്ല.

(സി) ബി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ 'സി' ഉദിക്കുന്നില്ല.

(ഡി) കൊച്ചുൽ, തിരുവനന്തപുരം കാർപ്പൊറേഷൻ, കുന്നിത്തുറ, നെയ്യാറിൻകര, ആറ്റിങ്ങൽ, മാവേലിക്കര, കോട്ടയം, പാലാ, പറവൂർ,

LIBRARY ARCHIVES Kerala Legislative Assembly

ആലുവാ, മട്ടാഞ്ചേരി, കുന്നംകുളം, തൃശ്ശൂർ, കായംകുളം, പെരുമ്പാവൂർ എന്നീ മുനിസിപ്പാലിറ്റികളിലേക്കും ലോൺ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പുതിയവോട്ടേർസ്‌ലിസ്റ്റ്.

* 869. [30] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ വർഷത്തിൽ ഏതെല്ലാം താലൂക്കുകളിൽ പുതിയ വോട്ടേർസ്‌ലിസ്റ്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു;

(ബി) കഴിഞ്ഞകൊല്ലത്തിൽ പുതുതായി ചേർക്കുവാൻ എത്രപേരുടെ അപേക്ഷകൾ കിട്ടിയിട്ടുണ്ട്; എത്രപേരെ പുതുതായി ചേർത്തിട്ടുണ്ട്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇക്കൊല്ലവും എല്ലാ താലൂക്കുകളിലെയും വോട്ടേർസ് ലിസ്റ്റ് പുതുക്കിയിരിക്കുന്നു. ചിറയിൻകീഴ്, നെടുമങ്ങാട്, കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, ചെങ്കോട്ട, ദേവികുളം, കുന്നത്തൂർ, പീരുമേട് എന്നീ താലൂക്കുകളിൽ വീടുതോറുമുള്ള വോട്ടറന്മാരുടെ എണ്ണം നേരിട്ട് തിട്ടപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നു. മറ്റു താലൂക്കുകളിൽ വ്യക്തികളിൽ നിന്നുള്ള അപേക്ഷകളെയും മരണ രജിസ്റ്ററിനെയും അടിസ്ഥാനപ്പെടുത്തി, നിലവിലിരുന്ന ലിസ്റ്റുകൾക്ക് അനുബന്ധങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നു.

(ബി) കഴിഞ്ഞകൊല്ലത്തിൽ വോട്ടേർസ് ലിസ്റ്റിൽ ചേർക്കാൻ 32271 പേരുടെ അപേക്ഷകൾ കിട്ടിയിരുന്നു. 29054 പേരെ ലിസ്റ്റിൽ ചേർത്തിട്ടുണ്ട്.

മദ്യനിരോധനം.

* 870. [33] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അടുത്ത സാമ്പത്തികവർഷത്തിൽ ഏതെങ്കിലും താലൂക്കിലേക്ക് മദ്യനിരോധനം വ്യാപിപ്പിക്കണമെന്ന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു താലൂക്കിലേക്ക്; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) മദ്യനിരോധനമേഖലകളിൽ ചിലതരം എസ്സെൻസുകൾ വിൽക്കുവാൻ ഇതിനു മുമ്പിരുന്ന കോൺഗ്രസ് ഗവണ്മെൻറ് നൽകിയിരുന്നതു പി. എസ്. പി. ഗവണ്മെൻറ് പിൻവലിച്ചതുമായ അനുവാദം വീണ്ടും നൽകുവാൻ ഈ ഗവണ്മെൻറിനുദ്ദേശമുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly